Reg. No.: ..................................

Name : ......................................

**I Semester B.A. Degree (PVT REG – Reg./Supple./Imp.)**
**Examination, November 2022**
**(2020 Admission Onwards)**
**CORE COURSE IN MALAYALAM**
**1B01 MAL : മലയാളകവിത ആധുനികം, ആധുനികാനന്തരം**

Time : 3 Hours                                                                 Max. Marks : 40

**300** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1. "ഇന്ദ്രിയ സ്പർശിയായ ഭാഷാപ്രയോഗങ്ങളും ഹൃദയസ്പർശിയായ ആശയങ്ങളും കൊണ്ട് സമ്പന്നമായ കാവ്യമാണ് വീണപൂവ്" – വിലയിരുത്തുക.
2. 'യാഥാർത്ഥ്യബോധത്തിൽ ഊന്നി നില്ക്കുന്ന കാല്പനികത' എന്ന വൈലോപ്പിള്ളി ക്കവിതയുടെ സവിശേഷത 'യുഗപരിവർത്തന'ത്തിൽ എത്രത്തോളം പ്രതിഫലി ക്കുന്നുണ്ട് ?
3. വിചിത്രമായ കല്പനകൾ കൊണ്ട് പെണ്ണനുഭവത്തെ 'വരവ്' എന്ന കവിതയിൽ വിജയലക്ഷ്മി ആവിഷ്ക്കരിക്കുന്നതെങ്ങനെ ?
4. ഭാരതത്തിന്റെ സാംസ്ക്കാരിക വൈവിധ്യത്തെ റദ്ദാക്കാൻ ശ്രമിക്കുന്ന രാഷ്ട്രീയ ത്തോടുള്ള പ്രതിഷേധമാണ് 'ബിരിയാണി/ഒരു സസ്യേതര രാഷ്ട്രീയ കവിത' എന്ന രചന – പരിശോധിക്കുക.

**150** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5. "ഇമ്മട്ടു പലതും കാട്ടി –
   യെന്നെയാ മണിദർപ്പണം" എന്തൊക്കെ കാഴ്ചകളാണ് കവി കണ്ടത് ?
6. "യുവലോകമേലുമേകാന്തമാം ചരിതമാരറിയുന്നു പാരിൽ ?" കവി ഇങ്ങനെ പറയുന്നതെന്തുകൊണ്ട് ?
7. "ആ മുരളിയിൽ നിന്നൊരു വെറും
   കോമളഗാനം പോരുമേ" – കവിതയുടെ ഭാവതലത്തോട് ബന്ധിപ്പിച്ച് ഈ വരി കളെ വിശദീകരിക്കുക.

P.T.O.



8. ഒരു ആക്ഷേപഹാസ്യ കവിത എന്ന നിലയിൽ മത്തങ്ങ എന്ന കവിതയെ വിലയിരുത്തുക.
9. ഏറ്റവും സ്വകാര്യമായ പ്രേമത്തെക്കുറിച്ച് പാടുമ്പോൾ പോലും മൗലികതയെ ക്കുറിച്ച് വേവലാതിപ്പെടുന്ന കവിയെ കെ. ജി. ശങ്കരപ്പിള്ളയുടെ കവിതയിൽ കാണാം – സ്വാഭിപ്രായം എഴുതുക.
10. ഒരു ദേശത്തിന്റെ ഭൂമിശാസ്ത്രവുമായി ബന്ധപ്പെടുത്തി ഭാഷാപ്രയോഗങ്ങളെ 'ആലപ്പുഴ വെള്ളം' എന്ന കവിതയിൽ വിശദീകരിക്കുന്നതെങ്ങനെ ?

**100** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11. ഒരു മുക്തിഗാഥ എന്ന നിലയിൽ 'മഗ്ദലനമറിയം' എന്ന കാവ്യത്തെ അപഗ്രഥിക്കുക.
12. ജീവിതമെന്ന പ്രതിഭാസത്തെ പ്രപഞ്ചത്തിന്റെ താളവട്ടമായി 'ശിവതാണ്ഡവ'ത്തിൽ കവി ആവിഷ്ക്കരിച്ചിരിക്കുന്നതെങ്ങനെ ?
13. "അമ്മമാരുടെ മുഗ്ദ്ധതകൾക്കിങ്ങവസിതിയുണ്ടോ ഭുവനത്തിൽ" എന്ന് കവി പറയുന്നതെന്തുകൊണ്ട് ?
14. എഴുത്തുകാരിയുടെ ഒരു തിരിച്ചറിവാണ് 'പാവം മാനവഹൃദയം' എന്ന കവിത – വിലയിരുത്തുക.
15. "ആരെങ്കിലും വരുംവരെ ചൂണ്ടയിട്ടിരിക്കുകയല്ലാതെ മറ്റു വഴിയൊന്നുമില്ലായി രുന്നു." കവി ഇങ്ങനെ ചിന്തിച്ചതെന്തുകൊണ്ട് ?
16. "നീയുറങ്ങാത്തതു കൊണ്ടാവും ഭൂമിക്കിപ്പോഴും ചൂട്" ഒരു കുട്ടിയുടെ വേവലാതിയെ പി. രാമൻ എങ്ങനെയെല്ലാം അവതരിപ്പിച്ചിരിക്കുന്നു ?

**നാലു** ചോദ്യങ്ങൾക്ക് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17. വീണപൂവിന് പ്രകൃതി അന്ത്യയാത്ര നല്കുന്നതെങ്ങനെ ?
18. ഭൂതക്കണ്ണാടി എന്ന കാവ്യബിംബത്തിന്റെ അർത്ഥവിവക്ഷകൾ എന്തെല്ലാം ?
19. "ഈടുവെപ്പുകളെല്ലാം പോകിലും പുതിയൊരു നാടു നമ്മുടേതാകാം" എന്ന് കവി പ്രത്യാശിക്കുന്നതെന്തുകൊണ്ട് ?
20. 'അഹം സർവ്വം' എന്ന് വാദിക്കുന്നവരെ നിരാകരിക്കുന്ന കവിതയാണ് ശിവതാണ്ഡവം വിലയിരുത്തുക.
21. സമുദ്രത്തെ 'പാവം മാനവഹൃദയം' എന്ന കവിതയിൽ സുഗതകുമാരി അവതരിപ്പി ക്കുന്നതെങ്ങനെ ?
22. 'ബിരിയാണി/ഒരു സസ്യേതര രാഷ്ട്രീയ കവിത' എന്ന രചനയിൽ കവി നൽകുന്ന താക്കീതെന്താണ് ?

———————